)

അജ്ഞാതർ

# നാടൻപാട്ടുകൾ

(മലയാളം: പാട്ടുകൾ

2013
സായാഹ്ന ഫൗണ്ടേഷൻ
തിരുവനന്തപുരം

**Nadan Pattukal**
Malayalam folk songs
by **Anonymous**

EPUB/PDF version published: 2013

These electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage.

The electronic versions were generated from sources available at WikiSource, futher marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2012. ePub version was generated by TeX4ht from the same LaTeX sources. The base font used was traditional variant of Rachana, contributed by Rachana Akshara Vedi. The font used for Latin script and oldstyle numerals was TeX Gyre Pagella developed by GUST, the Polish TeX Users Group.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: http://www.sayahna.org

# ഉള്ളടക്കം

# 1

## അച്ഛനും മകനും

മഴയതാ പെയ്ന്ന്
ഇടിയതാ മുട്ട്ന്ന്
അച്ഛാ എനിക്കൊരു '"ഓള്" വേണം...

കൈയില് കാശില്ല,
കടം തരാനാളില്ല.
മോനേ നിനക്കിപ്പൊരോള വേണ്ട...

ഓൾ = അവൾ, ഭാര്യ എന്നർത്ഥം.

# 2

## അതാചാടി ഹനുമാൻ

അതാ ചാടി ഹനുമാൻ രാവണന്റെ മതിലിന്മേൽ
ഇരുന്നൂ ഹനുമാൻ രാവണനോടൊപ്പമേ
പറഞ്ഞൂ ഹനുമാൻ രാവണനോടുത്തരം
“എന്തടാ രാവണ, സീതെ കട്ടുകൊണ്ടുപോവാൻ കാരണം?”
“എന്നോടാരാൻ ചൊല്ലീട്ടല്ല; എന്റെ മനസ്സിൽ തോന്നീട്ട്?”
“നിന്റെ മന്നസ്സിൽ തോന്ന്യാലോ നീയ്യീവ്വണ്ണം ചെയ്യാമോ?”
“പിടിക്ക്യാ വലിക്ക്യാ കല്ലറയിലാക്കാ”
“കല്ലറയിലാക്ക്യാൽ പോരാ, വാലിന്മേൽ തുണി ചുറ്റേണം”
“വാലിന്മേൽതുണി ചുറ്റ്യാപോരാ എണ്ണകൊണ്ടുനനക്കേണം
എണ്ണകൊണ്ടുനനച്ചാൽ പോരാ തീകൊണ്ടുകൊളുത്തേണം”
“തീകൊണ്ടുകൊളുത്ത്യാപോരാ,
രാക്ഷസവംശം മുടിക്കേണം
രാക്ഷസവംശം മുടിച്ചാൽ പോരാ ലങ്ക ചുട്ടുപൊരിക്കേണം
ലങ്കചുട്ടുപൊരിച്ചാൽ പോരാ, ദേവിയെകൊണ്ടുപോരേണം”

# 3

## അത്തടത്തിൽ ഇത്തടത്തിൽ

അത്തടത്തിൽ ഇത്തടത്തിൽ
ഊതിമുളച്ചൊരു കുമ്പളങ്ങ
ഏറങ്ങാട്ടു കരിങ്ങാലിന്മേൽ
ഏറിക്കൂടി കുമ്പളങ്ങ്
കാലില്ലാത്തൊരുണ്ണ്യയൻ നായർ
ഏറി മുറിച്ച കുമ്പളങ്ങ
മൂലേലിരിക്കും മുത്തശ്ശ്യമ്മ
നുറുക്കേണം കറി കുമ്പളങ്ങ
വീട്ടിലിരിക്കും അമ്മായി
വിളമ്പേണം കറി കുമ്പളങ്ങ
പടക്കുവിരുതൻ ചാപ്പൻ നായർ
കൂട്ടേണം കറി കുമ്പളങ്ങ

# 4

## ആത്തോലേ ഈത്തോലേ കുഞ്ഞാത്തോലേ

ആത്തോലേ ഈത്തോലേ കുഞ്ഞാത്തോലേ
ഞാനൊരു കാരിയം കാണാൻ പോയി
കളിയല്ല പൊളിയല്ല കുഞ്ഞാത്താലേ
വെള്ളാരം കല്ലിന്റ വേരിറങ്ങി
പത്തായം തിങ്ങി രണ്ടീച്ച ചത്തു
ഈച്ചത്തോൽ കൊണ്ടൊരു ചെണ്ട കെട്ടീ
കളിയല്ല പൊളിയല്ല കുഞ്ഞാത്താലേ
ആലങ്ങാട്ടാലിന്മേൽ ചക്ക കായ്ച്ചു
കൊച്ചീലഴിമുഖം തീ പിടിച്ചു
പഞ്ഞിയെടുത്തിട്ടു തീ കെടുത്തി
കളിയല്ല പൊളിയല്ല കുഞ്ഞാത്താലേ
കുഞ്ഞിയെറുമ്പിന്റെ കാതുകുത്തീ
തെങ്ങു മുറിച്ചു കുരടുമിട്ടൂ
കോഴിക്കോട്ടാന തെരുപ്പറന്നു
കളിയല്ല പൊളിയല്ല കുഞ്ഞാത്താലേ
നൂറ്റുകുടത്തിലും കേറിയാന
ആലിങ്കവേലൻ പറന്നുവന്ന്
മീശമേലാനയെ കെട്ടിയിട്ടു
ആത്തോലേ ഈത്തോലേ കുഞ്ഞാത്തോലേ
ഞാനൊരു കളിയാട്ടം കാണാൻ പോയി.

# 5

## ആലായാൽ തറ വേണം

ആലായാൽ തറ വേണം അടുത്തൊരമ്പലം വേണം
ആലിന്നുചേർന്നൊരു കുളവും വേണം
കുളിപ്പാനായ് കുളം വേണം കുളത്തിൽ ചെന്താമര വേണം
കുളിച്ചുചെന്നകം പൂകാൻ ചന്ദനം വേണം
ആലായാൽ തറ വേണം അടുത്തൊരമ്പലം വേണം
ആലിന്നുചേർന്നൊരു കുളവും വേണം
പൂവായാൽ മണം വേണം പൂമാനായാൽ ഗുണം വേണം
പൂമാനിനിമാർകളായാൽ അടക്കം വേണം
നാടായാൽ നൃപൻ വേണം അരികെ മന്ത്രിമാർ വേണം
നാട്ടിന്നു ഗുണമുള്ള പ്രജകൾ വേണം
ആലായാൽ തറ വേണം അടുത്തൊരമ്പലം വേണം
ആലിന്നുചേർന്നൊരു കുളവും വേണം
യുദ്ധത്തിങ്കൽ രാമൻ നല്ലൂ കുലത്തിങ്കൽ സീത നല്ലൂ
ഊണുറക്കമുപേക്ഷിപ്പാൻ ലക്ഷ്മണൻ നല്ലൂ
പടയ്ക്കു ഭരതൻ നല്ലൂ പറവാൻ പൈങ്കിളി നല്ലൂ
പറക്കുന്ന പക്ഷികളിൽ ഗരുഡൻ നല്ലൂ
ആലായാൽ തറ വേണം അടുത്തൊരമ്പലം വേണം
ആലിന്നുചേർന്നൊരു കുളവും വേണം
മങ്ങാട്ടച്ചനു ന്യായം നല്ലൂ മംഗല്യത്തിനു സ്വർണ്ണം നല്ലൂ
മങ്ങാതിരിപ്പാൻ നിലവിളക്കു നല്ലൂ
പാല്യത്തച്ചനുപായം നല്ലൂ പാലിൽ പഞ്ചസാര നല്ലൂ
പാരാതിരിപ്പാൻ ചില പദവി നല്ലൂ
ആലായാൽ തറ വേണം അടുത്തൊരമ്പലം വേണം

ആലിന്നുചേർന്നൊരു കുളവും വേണം

# 6

## ഇഞ്ചിത്താരേ പെണ്ണുണ്ടോ

ഇഞ്ചിത്താരേ പെണ്ണുണ്ടോ
ഇരുമ്പിച്ചിത്താരേ പെണ്ണുണ്ടോ

ഇഞ്ചിത്താരെ പെണ്ണില്ല
ഇരുമ്പിച്ചിത്താരെ പെണ്ണില്ല

മഞ്ചാടിഞ്ചീ പെണ്ണുണ്ടോ
മാതളപ്പൂവേ പെണ്ണുണ്ടോ

മഞ്ചാടിഞ്ചീ പെണ്ണീല്ലാ
മാതളപ്പൂവേ പെണ്ണീല്ലാ

കൊശകൊശലേ പെണ്ണുണ്ടോ
കൊശാല്യം പെണ്ണീല്ലാ
കൊശകൊശാലെ പെണ്ണില്ലാ
കൊശാല്യം പെണ്ണുണ്ടോ

ഒരു കുടക്കപ്പൊന്നേത്തന്നാ
പെണ്ണുത്തരുമോ നാത്തൂനേ?
കൊശകൊശല പ്പോര പ്പോരാ
കൊശല്യം പോരപ്പോരാ
ഒന്നമൊരരയുമെപ്പോഴും തന്നാ-
ലെങ്ങും കിട്ടാപ്പെണ്ണിത്

രണ്ട കുടുക്കപ്പൊന്നേത്തന്നാ-
പെണ്ണേ തരുമോ നാത്തൂനേ?
കൊശകൊശലപ്പോരപ്പോരാ
കൊശലും പോര പ്പോരാ
രണ്ടുമൊരരയുമൊരേഴും തന്നാ
ലെങ്ങും കിട്ടാപ്പെണ്ണിത്..

......................................
......................................
......................................

പത്തു കടുക്കപ്പൊന്നേത്തന്നാ
പെണ്ണേത്തരുമോ നാത്തൂനേ
കൊശകൊശലപ്പോരപ്പോരാ
കൊശലും പോരാപ്പോരാ
പത്തുമൊരരയുമൊരെഴും തന്നാ-
ലെങ്ങും കിട്ടാപ്പെണ്ണിത്

കണിയാനറിഞ്ഞില്ല ദിവസം ക്കുറിച്ചില്ലാ
നിങ്ങൾക്കെന്താണിത്ര വെപ്രാളം
കണിയാനറിയേണ്ട, ദിവസം കുറിക്കേണ്ട
പെണ്ണിനെ ഞങ്ങള്ള കൊണ്ടുപോവും

തട്ടാനറിഞ്ഞില്ല താലി പണിഞ്ഞില്ല
നിങ്ങൾക്കെന്താണിത്ര വെപ്രാളം
തട്ടനറിയേണ്ട ദിവസം കുറിക്കേണ്ട
പെണ്ണിനെ ഞങ്ങള്ള കൊണ്ടുപോകും
ഇഞ്ചിത്താരേ പെണ്ണില്ലാ
ഇരുമ്പിച്ചിത്താരേ പെണ്ണില്ലാ
ഇഞ്ചിത്താരേ പെണ്ണോണ്ടോ
ഇരുമ്പിച്ചിത്താരേ പെണ്ണോണ്ടോ?

# 7

## ഇത്തിരിപ്പൂവേ ചുവന്നപൂവേ

ഇത്തിരിപ്പൂവേ ചുവന്നപൂവേ
ഇത്തറ നാളും നീ എങ്ങുപോയി?
മണ്ണിന്നടിയിലൊളിച്ചിരുന്നോ?
മറ്റുള്ളപൂക്കളെ കാത്തിരുന്നോ?
വന്നതുനന്നായി , തെല്ലുനേരം
വല്ലതും പാടിക്കളിക്കാം സ്വൈരം
കാറ്റടിച്ചോമനേ, വീണിടൊല്ലേ,
ചെമ്മേറുമീയുടുപ്പാരു തന്നൂ?
ചെമ്മേ വന്നുമ്മവെക്കാനെ തോന്നൂ!

# 8

## ഉണ്ണീ ഗണപതി തമ്പുരാനേ

ഉണ്ണീ ഗണപതി തമ്പുരാനേ
ഒന്നുണ്ട് നിന്നോട് ചോദിക്കുന്നു
പൊന്നല്ല പണമല്ല രത്നമല്ല
തിരുമുടിയിൽ ചൂടിയോരു പുഷ്പമല്ല
തിരുമാറിലിട്ടോരു പൂണൂലല്ലാ
സന്തതിയുണ്ടാകാനെന്തുവേണം
സന്താനഗോപാലധ്യാനം വേണം
ആയുസ്സുണ്ടാകാനെന്തു വേണം
ആദിഹൃദേവനെ സേവ വേണം
അർത്ഥമുണ്ടാകുവാനെന്തുവേണം
ക്ഷേത്രം വലിയേടം സേവ വേണം
ക്ഷേത്രം വലിയേടമെവിടേയാണ്
ക്ഷേത്രം വലിയേടം തൃശ്ശാവൂര്
തൃശ്ശാവൂരപ്പാ വടക്കും നാഥാ
ഞാനിതാ നിൻ പാദം കുമ്പിടുന്നേൻ

## 9

## ഉരിയരി വേവിച്ചുരുളയുരുട്ടി

ഉരിയരി വേവിച്ചുരുളയുരുട്ടി
ഉരുളയെടുത്തിട്ടുരുളിയിലിട്ടു
ഉരുളിയെടുത്തിട്ടുറിമേല് വച്ചു
ഉറിയിലിരുന്നിട്ടുരുളി പിരണ്ടു
ഉരുളയും ഉരളിയും ഉറിയും കൂടി-
തിത്തോം തകൃതോം തറയില് വീണി-
ട്ടുരുളകളങ്ങനെയുരളോട്ടുരുൾ
ഉരുളയുമുരിളിയും ഉരുളോട്ടുരുൾ

# 10

## ഉരുളയെടുത്തിട്ടുരുളിയിലിട്ടു

ഉരുളയെടുത്തിട്ടുരുളിയിലിട്ടു
ഉരുളിയെടുത്തിട്ടുറിമേല് വച്ചു
ഉറിയിലിരുന്നിട്ടുരുളി പിരണ്ടു
ഉരുളയും ഉരളിയും ഉറിയും കൂടി-
തിത്തോം തകൃതോം തറയില് വീണി-
ട്ടുരുളകളങ്ങനെയുരളോട്ടുരുൾ
ഉരുളയുമുരിളിയും ഉരുളോട്ടുരുൾ

# 11

## എന്റെ മകനുണ്ണിക്കൃഷ്ണൻ

എന്റെ മകനുണ്ണിക്കൃഷ്ണൻ
കൃഷ്ണാട്ടത്തിനു പോകേണം
കൃഷ്ണാട്ടത്തിനു പോയാൽ പോരാ
കൃഷ്ണൻ തന്നെ കെട്ടേണം
കൃഷ്ണൻ തന്നെ കെട്ട്യാൽ പോരാ
കാളിയമർദ്ദനമാടേണം
കാളിയമർദ്ദനമാട്യാൽ പോരാ
എല്ലുമുറിയെത്തുള്ളേണം
എല്ലുമുറിയെത്തുള്ള്യാൽ പോരാ
സമ്മാനങ്ങൾ വാങ്ങേണം
സമ്മാനങ്ങൾ വാങ്ങ്യാൽ പോരാ
അമ്മക്കുസമ്മാനിക്കേണം

# 12

## ഒന്നാനാം കൊച്ചു തുമ്പി

ഒന്നാനാം കൊച്ചു തുമ്പി
ഒന്നാനാം കൊച്ചു തുമ്പീ
എന്റെ കൂടെ പോരുവായോ
നിൻകൂടെ പോന്നെങ്കിലോ
എന്തെല്ലാം തരുമെനിക്ക്
കുളിപ്പാനായ് കുളം തരുവേൻ
കളിപ്പാനായ് കളം തരുവേൻ
ഇട്ടിരിപ്പാൻ പൊൻ പലക
ഇട്ടുണ്ണാൻ പൊൻതളിക
കൈകഴുകാൻ കൊച്ചു കിണ്ടി
കൈ തോർത്താൻ പുള്ളിപ്പട്ട്

# 13

## കറുകറെ കാർമുകിൽ

കറുകറെ കാർമുകിൽ കൊമ്പനാനപ്പുറത്തേറി എഴുന്നള്ളും മൂർത്തേ
കർക്കിടത്തേവരേ കർക്കിടകത്തേവരേ
തുടം തുടം കുടം കുടം നീ വാത്തേ
കറുകറെ കാർമുകിൽ കൊമ്പനാനപ്പുറത്തേറി എഴുന്നള്ളും മൂർത്തേ
മഴവിൽക്കൊടി മാനത്ത് പൊന്നമ്പലമുറ്റത്ത് വിരിയുന്ന
തെളിയുന്ന അലിഞ്ഞലിഞ്ഞങ്ങലുഞ്ഞുമായുന്ന
കറുകറെ കാർമുകിൽ കൊമ്പനാനപ്പുറത്തേറി എഴുന്നള്ളും മൂർത്തേ
മാനത്തൊരു മയിലാട്ടം പീലിത്തിരുമുടിയാട്ടം ഇളകുന്ന
നിറയുന്ന ഇടഞ്ഞിടഞ്ഞങ്ങൊഴിഞ്ഞു നീങ്ങുന്ന
കറുകറെ കാർമുകിൽ കൊമ്പനാനപ്പുറത്തേറി എഴുന്നള്ളും മൂർത്തേ
മനസ്സകെ നനഞ്ഞല്ലോ തീ കാഞ്ഞുകിടന്നല്ലോ
ഒഴിയുന്ന വഴിയുന്ന അഴിഞ്ഞു ഞങ്ങൾ തളർന്നുറങ്ങുന്ന
കറുകറെ കാർമുകിൽ കൊമ്പനാനപ്പുറത്തേറി എഴുന്നള്ളും മൂർത്തേ

# 14

## കുഞ്ഞി കുഞ്ഞിക്കുറുക്കാ

കുഞ്ഞി കുഞ്ഞിക്കുറുക്കാ
നിനക്കെന്തു ബെരുത്തം
എനിക്കന്റേട്ടാ
തലവേദനയും തലക്കുത്തും പനിയും
അയിനെന്തു വൈശ്യം
അതിനുണ്ടു ബൈദ്യം
കണ്ടത്തിൽ പോണം
കക്കിരി പറിക്കണം
കറമുറ തിന്നണം
പാറമ്മൽ പോണം
പറ പറ ളുറണം
കൂക്കി വിളിക്കണം
കൂ കൂ കൂ

# 15

## കുമ്മാട്ടിപ്പാട്ട്

തൃശ്ശൂർ ജില്ലയിൽ പ്രധാനമായിട്ടും പ്രചാരത്തിലുള്ള ഒരു നാടൻ പാട്ടാണ് കുമ്മാട്ടിപ്പാട്ട്. കുമ്മാട്ടി വേഷം കെട്ടി, തപ്പും തുടിയും കിണ്ണവുമൊക്കെ കൊട്ടി കുട്ടികൾ പാടുന്ന പാട്ടുകൾ

കണ്ടൻ കിണറ്റിൽ കുറവടി പോയാൽ
കുമ്പിട്ടെടുക്കും കുമ്മാട്ടി...
പൊക്കത്തിലുള്ളൊരു വാളൻപുളിങ്ങ
എത്തിച്ചു പൊട്ടിയ്ക്കും കുമ്മാട്ടി...
തൃശ്ശൂരിലെ കുമ്മാട്ടിക്കളി

### ഒരു കുമ്മാട്ടിപ്പാട്ട്

തള്ളേ തള്ളേ എങ്ങട്ടു പോണു?
ഭരണിക്കാവിലെ നെല്ലിനു പോണു.
അവിടത്തെ തമ്പുരാൻ എന്തു പറഞ്ഞു
തല്ലാൻ വന്നു, കൊല്ലാൻ വന്നു.
ഓടിയൊളിച്ചു കൈതക്കാട്ടിൽ
കൈതെനിക്കൊരു പൂ തന്നു...

പഴോം പപ്പടോം തന്നില്ലെങ്കീ
പടിക്കല് ുറും കുമ്മാട്ടി

'ശിവപുരഗോപുര
പാലനകാരന

ശിവഹരി ഗോപുര
മന്ദിര നാമം...'

മഞ്ഞൻ നായര് കുഞ്ഞൻ നായര്
മഞ്ഞ കാട്ടിൽ പോകാല്ലോ
മഞ്ഞ കാട്ടിൽ പോയ പിന്നെ
മഞ്ഞ കിളിയെ പിടിക്കാലോ
മഞ്ഞ കിളിയെ പിടിച്ചാ പിന്നെ
പപ്പും ത്തൂവലും പറിക്കാലോ
പപ്പും ത്തൂവലും പറിച്ചാ പിന്നെ
ഉപ്പും മുളകും പുരട്ടാലോ
ഉപ്പും മുളകും പുരട്ടിയാ പിന്നെ
ചട്ടിയിലിട്ടു പൊരിക്കാലോ
ചട്ടിയിലിട്ടു പൊരിച്ചാ പിന്നെ
നാക്കില വാട്ടി പൊതിയാലോ
നാക്കില വാട്ടി പൊതിഞ്ഞാ പിന്നെ
കള്ള് ഷാപ്പിൽ പോകാലോ
കള്ള് ഷാപ്പിൽ പോയാ പിന്നെ
കള്ളും കൂട്ടി അടിക്കാലോ
കള്ളും കൂട്ടി അടിച്ചാ പിന്നെ
ഭാര്യേം മക്കളേം തല്ലാലോ

## ഇതിന്റെ വേറൊരു വകഭേദം

മഞ്ഞക്കാട്ടില്വ പോവാലോ
മഞ്ഞക്കാട്ടിൽ പോയാൽ പിന്നെ
മഞ്ഞക്കിളിയെ പിടിക്കാല്ലൊ,
മഞ്ഞക്കിളിയെ പിടിച്ചാൽ പിന്നെ
ചപ്പും ചവറും പറിക്കാല്ലൊ.
ചപ്പും ചവറും പറിച്ചാൽ പിന്നെ
ഉപ്പും മുളകും തിരുമ്മാലോ
ഉപ്പും മുളകും തിരുമ്മിയാൽ പിന്നെ-
ചട്ടീലിട്ടു പൊരിക്കാലോ
ചട്ടീലിട്ടു പൊരിച്ചാൽ പിന്നെ
നാക്കിലവെട്ടിപൊതിയാലോ
നാക്കിലവെട്ടിപ്പൊതിഞ്ഞാൽ പിന്നെ-

തണ്ടൻ പടിക്കൽ ചെല്ലാലോ.
തണ്ടൻ പടിക്കൽ ചെന്നാൽ പിന്നെ-
കള്ളേലിത്തിരി മോന്താലോ.
കള്ളേലിത്തിരി മോന്ത്യാൽ പിന്നെ
അമ്മേം പെങ്ങളേം തല്ലാലോ
അമ്മേം പെങ്ങളേം തല്ലാല്ല്യാൽ പിന്നെ-
കോലോത്തും വതില്ക്കൽ ചെല്ലാലോ
കോലോത്തും വതില്ക്കൽ ചെന്നൽ പിന്നെ-
കാര്യം കൊണ്ടിത്തിരി പറയാളോ
കാര്യം കൊണ്ടിത്തിരി പറഞ്ഞാൽ പിന്നെ-
കഴമ്മേൽ കിടന്നങ്ങാടാലോ...മഞ്ഞക്കാട്ടിൽ പോവാലോ...

തള്ളേ തള്ളേ എങ്ങട്ട് പോണു
ഭരണിക്കാവിൽ നെല്ലിനു പോണു
അവിടുത്തെ തമ്പ്രാൻ എന്ത് പറഞ്ഞു
തല്ലാൻ വന്നു കുത്താൻ വന്നു
ഓടി ഒളിച്ചു കൈതകാട്ടിൽ
കൈത എനിക്കൊരു കയറു തന്നു
കയറു കൊണ്ട് കാളയെ കെട്ടി
കാള എനിക്കൊരു കുന്തി തന്നു
കുന്തി കൊണ്ട് വാഴക്കിട്ടു
വാഴ എനിക്കൊരു കുല തന്നു
കുല കൊണ്ട് പത്തായത്തിൽ വെച്ചു
പത്തായം എനിക്കത് പഴിപ്പിച്ചു തന്നു
അതിലൊരു പഴം കുമ്മാട്ടി തിന്നു
ആറാപ്പോ............

കുമ്മാട്ടിക്കൊരു
തേങ്ങാ കൊട്ടപ്പിൻ
ഉത്രാടം നാൾ അസ്തമയത്തിൽ
എത്രയും മോഹിനിമോദത്തോടെ
തെക്കൻ തെക്കൻ തെക്കിനിയപ്പൻ
തക്കത്തിൽ ചില പേരുകൾ നൽകി
ഗണനായകനും ഗുരുവരനും മമ
തുണയായ് വരണം കുമ്മാട്ടിക്ക്
ഒ◌ാണത്തപ്പാ കുടവയറാ

നാണം കൂടാതടുത്തുവാ
തേങ്ങമരമതു കായ്ക്കണമെങ്കിൽ
കുമ്മാട്ടിക്കൊരു തേങ്ങാ കൊടുപ്പിൻ.

ചാടീ ഹനുമാൻ രാവണന്റെ മതിലിന്മേൽ.
ഇരുന്നൂ ഹനുമാൻ രാവണനോടൊപ്പം.
പറഞ്ഞൂ ഹനുമാൻ രാവണനോടുത്തരം.
"എന്തെട രാവണ, ഏതെട രാവണ, സീതേ കക്കാൻ കാരണം?
നിന്നോടാരാൻ ചൊല്ലീട്ടോ, നിന്റെ മനസ്സിൽ തോന്നീട്ടോ?"
"എന്നോടാരാൻ ചൊല്ലീട്ടല്ല; എന്റെ മനസ്സിൽ തോന്നീട്ട്."

"പിടിക്ക്യ, വലിക്ക്യ, കല്ലറയിലാക്കാ."

"കല്ലറയിലാക്ക്യാൽ പോരാ, വാലിന്മേൽ തുണി ചുറ്റേണം.
വാലിന്മേൽ തുണി ചുറ്റ്യാൽ പൊരാ, എണ്ണകൊണ്ടു നനയ് ക്കേണം.
എണ്ണകൊണ്ടു നനച്ചാൽ പോരാ, അഗ്നികൊണ്ടു കൊളുത്തേണം."
"അഗ്നികൊണ്ടു കൊളുത്ത്യാൽ പോരാ, ലങ്ക ചുട്ടുപൊരിക്കേണം.
ലങ്ക ചുട്ടുപൊരിച്ചാൽ പോരാ, രാക്ഷസവംശം മുടിക്കേണം.
രാക്ഷസവംശം മുടിച്ചാൽ പോരാ, ദേവിയെ കൊണ്ടിങ്ങു പോരേണം."

# 16

## തകരപ്പാട്ട്

താന തന തന താന തന തന താന തന തന തന്തിനനോ (3)
ഒരു ചാലുഴുതില്ല
ഒരു വിത്തും വിതച്ചില്ല
താനേ മുളച്ചൊരു പൊൻതകര
താന തന തന താന തന തന താന തന തന തന്തിനനോ (3)
ഒരു നാളൊരു വട്ടി
രണ്ടാം നാൾ രണ്ടു വട്ടി
മൂന്നാം നാൾ മൂന്നു വട്ടി
തകര വെട്ടി
താന തന തന താന തന തന താന തന തന തന്തിനനോ (3)
അപ്പൂപ്പനമ്മൂമ്മ
അയലത്തെ കേളുമ്മാവൻ
വടക്കേലെ നാണിക്കും വിരുന്നൊരുക്കി
താന തന തന താന തന തന താന തന തന തന്തിനനോ (3)
മീന മാസം കഴിഞ്ഞപ്പോൾ തകര കരിഞ്ഞു
ഇനിയെന്തു ചെയ്യും വൻകുടലെ
ആറാറു മടക്കിട്ട് അറുപത് കുടുക്കിട്ട്
അനങ്ങാതെ കിടന്നു വൻകുടല്
താന തന തന താന തന തന താന തന തന തന്തിനനോ (3)

# 17

## തുമ്പിതുള്ളൽപ്പാട്ട്

ഒന്നാം തുമ്പിയുമവർ പെറ്റ മക്കളും
പോയീ നടപ്പറ തുമ്പി തുള്ളാൻ
തുമ്പിയിരുമ്പല്ല – ചെമ്പല്ല – ഓടല്ല
തുമ്പിത്തുടർമാല – പൊൻമാല

തുമ്പിയിരുമ്പല്ല – ചെമ്പല്ല – ഓടല്ല
എന്തെന്റെ തുമ്പി തുള്ളാത്തെ
പന്തലിൽ പൂക്കുല പോരാഞ്ഞിട്ടോ
എന്തെന്റെ തുമ്പീ തുള്ളാത്തേ?

തുമ്പീ തുള്ള് തുള്ള്

ഒന്നാം ശ്രീകടലിന്നക്കരെച്ചെന്നപ്പോൾ
ഒന്നല്ലോ മണിനാഗൻ മുട്ടയിട്ടു
പതിനെട്ടു മുട്ടയും പാമ്പും തടം പിടിച്ചോടിവാ തുമ്പീ
ഒളിച്ചു വാ തുമ്പീ, ആടിവാ തുമ്പീ, അലഞ്ഞുവാ തുമ്പീ...

എന്തേ തുമ്പീ നീ തുള്ളാതിരിക്കുന്നു?
ആളു പോരയോ, അലങ്കാരം പോരയോ
കൊട്ടു പോരയോ, കുരവ പോരയോ
പൂ പോരയോ, പൂപ്പട പോരയോ
എന്തു തുമ്പി നീ തുള്ളാതിരിക്കുന്നു?
എച്ചി തുമ്പീ തുള്ള് തുള്ള്

എക്കറ തുമ്പീ തുള്ള് തുള്ള്
പറയന്റെ മാടത്തിൽ കേറും തുമ്പീ
പറയനടിച്ചു പറത്തും തുമ്പീ
എച്ചി തുമ്പീ തുള്ള് തുള്ള്
എക്കറ തുമ്പീ തുള്ള് തുള്ള്

# 18

## തൃക്കാക്കരപ്പന്റെ മുറ്റത്തൊരു തുമ്പ

തൃക്കാക്കരപ്പന്റെ മുറ്റത്തൊരു തുമ്പ
തുമ്പകൊണ്ടമ്പതു തോണിയും കുത്തി
തോണീടെ കൊമ്പത്തൊരാലുമുളച്ചു
ആലിന്റെ കൊമ്പത്തൊരുണ്ണി പിറന്നു
ഉണ്ണിക്കുകളിക്കാൻ പറയും പറക്കോലും
തുടിയും തുടിക്കോലും വെള്ളോട്ടും മക്കളും
കൂടെപ്പിറന്നു കൂടെപ്പിറന്നു
പൂവേ പൊലിപൂവേ പൊലി
പൂവേ പൊലി പൂവേ

# 19

## തെക്കേക്കര വടക്കേക്കര

തെക്കേക്കര വടക്കേക്കര
കണ്ണംതളി മുറ്റത്തൊരു തുമ്പമുളച്ചു
തുമ്പകൊണ്ടമ്പതു തോണി ചമച്ചു
തോണിത്തലക്കലൊരാലുമുളച്ചു
ആലിന്റെ പൊത്തിലൊരുണ്ണി പിറന്നു
ഉണ്ണിക്കു കൊട്ടാനും പാടാനും
തുടിയും തുടിക്കോലും
പറയും പറക്കോലും
പിന്നെ
പൂവേ പോ!പൂവേ പോ!പൂവേ
പൂവെക്കാം പുണർന്നേക്കാം
പൂങ്കാവിൽ ചെന്നേക്കാം
പൂവൊന്നൊടിച്ചേക്കാം
പൂവൊന്നു ചൂടിയേക്കാം
പൂവേ പോ!പൂവേ പോ!പൂവേ

# 20

## തെയ്യാര തെയ്യാര തക

തെയ്യാര തെയ്യാര തക തെയ്യാര തെയ്യാര (2)
പെണ്ണായ പെണ്ണെല്ലാം കൂട്ടം കൂടി വട്ടത്തില് കൂടി വഴക്കൊന്നു കൂടി തെ
യ്യാര (2)
കണ്ണില്ലാത്തൊരു പെണ്ണു പറഞ്ഞു പെണ്ണിനു കണ്മഷി നന്നല്ലെന്ന് തെ
യ്യാര (2)
കാതില്ലാത്തൊരു പെണ്ണു പറഞ്ഞു പെണ്ണിൻ കമ്മലു നന്നല്ലെന്ന് തെ
യ്യാര (2)
കയ്യില്ലാത്തൊരു പെണ്ണു പറഞ്ഞു പെണ്ണിനു കരിവള ചേരില്ലെന്ന് തെ
യ്യാര (2)
കണ്ണും മൂക്കും കാതും പോയൊരു പെണ്ണു മൊഴിഞ്ഞു
തന് കാര്യം അഞ്ജനമെന്തെന്നെനിക്കറിയാം
മഞ്ഞളു പോലെ വെളുത്തിരിക്കും.

## 21

### നാടൻ കളിപ്പാട്ട്

കുട്ടിക്കാലത്തെ നാടൻകളികളുമായി ബന്ധപ്പെട്ട ചില നാടൻ കളിപ്പാട്ടുകളാണിവിടെ ചേർത്തിരിക്കുന്നത്. ഇത് ഓരോ ദേശത്തും നേരിയ വ്യത്യസങ്ങളെല്ലാമുണ്ടായിരുന്നാലും ഗൃഹാതുരമായ ഓർമ്മകൾ സമ്മാനിക്കുന്ന വരികളാണിവയെന്നതിൽ സംശയമില്ല.

#### അത്തള പിത്തള തവളാച്ചി

അത്തള പിത്തള തവളാച്ചി
ചുക്കുമേലിരിക്കണ ചൂലാപ്പ്
മറിയം വന്ന് വിളക്കൂതി
ഉണ്ടാ മണി സാറാ പീറാ ഗോട്ട്.
ഗോട്ട് അടിച്ച് കൈ മലര്*ത്തി വച്ച് കളി തുടരുന്നു

#### അക്കുത്തിക്കുത്താന

അക്കുത്തിക്കുത്താന വരമ്പേ കയ്യേ കുത്ത് കരിങ്കുത്ത്
ചീപ്പ് വെള്ളം താറാമ്മെള്ളം താറാമ്മക്കള കയ്യേലൊരു ബ്ലാങ്ക്
അക്കര നിക്കണ ചക്കരപ്രാവിന്റെ
കയ്യോ കാലോ ഒന്നോ രണ്ടോ വെട്ടിക്കുത്തി മടക്കിട്ട്.

#### ഞ-നൊ-രു-മ-നു-ഷ്യ-നെ ക-ണ്ടു

ഞ-നൊ-രു-മ-നു-ഷ്യ-നെ ക-ണ്ടു
അ-യാ-ളു-ടെ നി-റം എ-ന്ത്?

(പച്ച) പ-ച്ച. (ച്ച തൊട്ട വിരല് ഔട്ട്)

## എട്ടും മുട്ടും താമരമൊട്ടും

ഒന്ന്, രണ്ട്, മൂന്ന്, നാല്
അഞ്ച്, ആറ്, ഏഴ്, എട്ട്
എട്ടും മുട്ടും താമരമൊട്ടും
വടക്കോട്ടുള്ള അച്ഛനമമ്മയും
പൊ-ക്കോ-ട്ടെ.

## ഇലകള് പച്ച

നാരങ്ങാ പാല്
ചൂട്ടയ്ക്ക് രണ്ട്
ഇലകള് പച്ച
പൂക്കള് മഞ്ഞ
ഓടി വരുന്ന <>(വരുന്ന ആളുടെ പേര്)<> പിടിച്ചേ

## എന്ത് പേ പെപ്പരപേ!!

ഡും ഡും ഡും
ആരാത്?
ഞാനാണ്

എന്തിനു വന്നു? പന്തിനു വന്നു.
എന്ത് പന്ത്? മഞ്ഞപ്പന്ത്
എന്ത് മഞ്ഞ?
മുക്കുറ്റി മഞ്ഞ

എന്ത് മൂക്കുറ്റി?
പീലി മൂക്കുറ്റി

എന്ത് പീലി?
കണ്*പീലി

എന്ത് കണ്ണ്?
ആനക്കണ്ണ്

എന്ത് ആന?
കാട്ടാന

എന്ത് കാട്?
പട്ടിക്കാട്.

എന്ത് പട്ടി?
പേപ്പട്ടി.

എന്ത് പേ?
പെപ്പരപേ!!

# 22

## നാരങ്ങപ്പാല്

നാരങ്ങാ പാല്
ചൂട്ടയ്ക്ക് രണ്ട്
ഇലകൾ പച്ച
പൂക്കൾ മഞ്ഞ
ഓടി വരുന്ന
കള്ളനെ പിടിച്ചേ
പ്രാദേശിക ഭേദങ്ങൾ

ഈ നാടൻപാട്ടിന്റെ പ്രാദേശിക ഭേദങ്ങൾ താഴെക്കാണാം

നാരങ്ങപ്പാല്
ചൂണ്ടക്ക് രണ്ട്
ഇലകൾ പച്ച
പൂക്കൾ മഞ്ഞ
ഓടിച്ചാടി വരുന്ന കള്ളനെ
പിടിച്ചു കെട്ട്യേ.

# 23

## നാലില്ലം നാളൊരു

പോവുക: വഴികാട്ടി, തിരയൂ
നാലില്ലം നാളൊരു നട്ടുമുറ്റത്ത്
കെട്ടിപ്പണിതൊരു മുല്ലത്തറ
ഇന്നലെ ഞാനൊരു മുല്ലനട്ടു
മുല്ലക്കുമുക്കുടം വെള്ളമൊഴിച്ചു
നാളക്കുമുന്നാഴി പൂവറുക്കാം
എന്തിലറുക്കേണ്ടു മുല്ലപ്പൂവ്
കയ്യിലറുത്താൽ കരിയും പൂവ്
എന്തിലറുക്കേണ്ടുമുല്ലപ്പൂവ്
മുണ്ടിലറുക്കേണ്ടു മുല്ലപ്പൂവ്
മുണ്ടിലറുത്താൽ മുഷിയും പൂവ്
എന്തിലറുക്കേണ്ടു മുല്ലപ്പൂവ്
വെള്ളിത്തളികേലറുക്കാം പൂവ്
വെള്ളിത്തളിക നിറയോളമറുത്തു
പൊന്നിൻ തളികകൊണ്ടാകെ മൂടി
നീട്ടത്തിലായിരം മാലകോർത്തു
വേട്ടത്തുകാവിൽ ഭഗവതിക്ക്
തണ്ടിട്ടെട്ടുത്ത് വലത്തുംവെച്ചു
ഞാനിതാ ശ്രീപാദം കൈതൊഴുന്നേൻ
അച്ഛാ എനിക്കിന്നൊരാശ തോന്നി
ആറാട്ടിൻ കടവിലൊരാമ്പൽ മൊട്ട്
കാലത്തു ചെല്ലുമ്പോൾ കൂമ്പി നിൽക്കും
ഉച്ചക്കു ചെല്ലുമ്പോൾ വിടരും പൂവ്

സന്ധ്യക്ക് ചെല്ലുമ്പോൾ കൊണ്ടുപോരാം

# 24

## നിങ്ങളുടെ നാട്ടിലിപ്പോൾ എന്തു പണിയാണെടോ

ഇതാ, തനി നാടൻ വസ്ത്രം (കൊയ്ത്തുകാലത്ത് പാടത്തുപണിചെയ്യുന്നവർ ധരിക്കുന്നത്) ധരിച്ച് പല വേദികളിലും അവതരിപ്പിക്കാൻ പറ്റിയ ഒരു പാട്ടു നൃത്തം (ആക്ഷൻ സോങ്ങ്) ഓരോ വരിക്കും ആക്ഷൻ കാണിക്കുക. ഇത് എഴുതി പല വേദികളിൽ അവതരിപ്പിച്ചതും കുട്ടികളെ പഠിപ്പിച്ചതുമാണ് നിങ്ങൾക്കും ശ്രമിക്കാവുന്നതാണ്...

നിങ്ങളുടെ നാട്ടിലിപ്പോൾ എന്തു പണിയാണെടോ?
ഞങ്ങളുടെ നാട്ടിലിപ്പോൾ വയലുപണിയാണെടോ
എങ്ങനെപിന്നെങ്ങനെ പിന്നെങ്ങനെ പിന്നെങ്ങനെ?
ഇങ്ങനെ പിന്നിങ്ങനെ പിന്നിങ്ങനെ പിന്നിങ്ങനെ

നിങ്ങളുടെ നാട്ടിലിപ്പോൾ എന്തു പണിയാണെടോ?
ഞങ്ങളുടെ നാട്ടിലിപ്പോൾ വിത്തുവിതയ്ക്കലാണെടോ
എങ്ങനെപിന്നെങ്ങനെ പിന്നെങ്ങനെ പിന്നെങ്ങനെ?
ഇങ്ങനെ പിന്നിങ്ങനെ പിന്നിങ്ങനെ പിന്നിങ്ങനെ

നിങ്ങളുടെ നാട്ടിലിപ്പോൾ എന്തു പണിയാണെടോ?
ഞങ്ങളുടെ നാട്ടിലിപ്പോൾ വെള്ളമൊഴിക്കലാണെടോ
എങ്ങനെപിന്നെങ്ങനെ പിന്നെങ്ങനെ പിന്നെങ്ങനെ?
ഇങ്ങനെ പിന്നിങ്ങനെ പിന്നിങ്ങനെ പിന്നിങ്ങനെ

നിങ്ങളുടെ നാട്ടിലിപ്പോൾ എന്തു പണിയാണെടോ?
ഞങ്ങളുടെ നാട്ടിലിപ്പോൾ വളമിടീലാണെടോ
എങ്ങനെപിന്നെങ്ങനെ പിന്നെങ്ങനെ പിന്നെങ്ങനെ?

ഇങ്ങനെ പിന്നിങ്ങനെ പിന്നിങ്ങനെ പിന്നിങ്ങനെ

നിങ്ങളുടെ നാട്ടിലിപ്പോൾ എന്തു പണിയാണെടോ?
ഞങ്ങളുടെ നാട്ടിലിപ്പോൾ കളപറിക്കലാണെടോ
എങ്ങനെപിന്നെങ്ങനെ പിന്നെങ്ങനെ പിന്നെങ്ങനെ?
ഇങ്ങനെ പിന്നിങ്ങനെ പിന്നിങ്ങനെ പിന്നിങ്ങനെ

നിങ്ങളുടെ നാട്ടിലിപ്പോൾ എന്തു പണിയാണെടോ?
ഞങ്ങളുടെ നാട്ടിലിപ്പോൾ കൊയ്ത്തുകാലമാണെടോ
എങ്ങനെപിന്നെങ്ങനെ പിന്നെങ്ങനെ പിന്നെങ്ങനെ?
ഇങ്ങനെ പിന്നിങ്ങനെ പിന്നിങ്ങനെ പിന്നിങ്ങനെ

നിങ്ങളുടെ നാട്ടിലിപ്പോൾ എന്തു പണിയാണെടോ?
ഞങ്ങളുടെ നാട്ടിലിപ്പോൾ കറ്റകെട്ടലാണെടോ
എങ്ങനെപിന്നെങ്ങനെ പിന്നെങ്ങനെ പിന്നെങ്ങനെ?
ഇങ്ങനെ പിന്നിങ്ങനെ പിന്നിങ്ങനെ പിന്നിങ്ങനെ

നിങ്ങളുടെ നാട്ടിലിപ്പോൾ എന്തു പണിയാണെടോ?
ഞങ്ങളുടെ നാട്ടിലിപ്പോൾ ചുമടെടുക്കലാണെടോ
എങ്ങനെപിന്നെങ്ങനെ പിന്നെങ്ങനെ പിന്നെങ്ങനെ?
ഇങ്ങനെ പിന്നിങ്ങനെ പിന്നിങ്ങനെ പിന്നിങ്ങനെ

ചുമടെടുത്തു ചുമടെടുത്തു വീട്ടിലേക്കു പൊകടോ ...

# 25

## നേരം പോയ് നേരം പോയ്

നേരം പോയ് നേരം പോയ്
പൂക്കൈത മറപറ്റ്യേ...
കാനംകോഴി കൊളക്കോഴി
തത്തിത്തത്തിച്ചാടുന്നേ...

കണ്ണാരം പൊത്തിപ്പൊത്തി
കടയ്ക്കാടം കടന്ന് കടന്ന്
കാണാത്ത പിള്ളേരെല്ലാം കണ്ടും കൊണ്ടോടി വായോ
അക്കരെ നിക്കണ ചക്കിപ്പെണ്ണിന്റെ
കയ്യോ കാലോ തൊട്ടു വായോ
കയ്യോ കാലോ തൊട്ടു വായോ

കണ്ണാരം പൊത്തിപ്പൊത്തി
കടയ്ക്കാടം കടന്ന് കടന്ന്
കണ്ണാരം പൊത്തിപ്പൊത്തി
കടയ്ക്കാടം കടന്ന് കടന്ന്

നേരം പോയ് നേരം പോയ്
പൂക്കൈത മറപറ്റ്യേ
നേരം പോയ നേരത്തും
കൊല്ലാക്കൊല ചെയ്യീണേ...
അരമുറി കരിക്കും തന്നേ...
കൊല്ലാക്കൊല ചെയ്യീണേ

ഹെയ്...കണ്ണാരം പൊത്തി പൊത്തി കടയ്ക്കാടം കടന്ന് കടന്ന്
കണ്ണാരം പൊത്തി പൊത്തി കടയ്ക്കാടം കടന്ന് കടന്ന്...

ഏനിവിടെ വന്നപ്പം...ഈടില്ല മൂടില്ല...
ഏനിവിടെ വന്നേപ്പിന്നെ...കെട്ടാപ്പുര കെട്ടിച്ചേ...
ഏനിവിടെ വന്നേപ്പിന്നെ...വെട്ടാക്കുളം വെട്ടിച്ചേ...

ഹെയ്...കണ്ണാരം പൊത്തി പൊത്തി കടയ്ക്കാടം കടന്ന് കടന്ന്
കണ്ണാരം പൊത്തി പൊത്തി കടയ്ക്കാടം കടന്ന് കടന്ന്...
കാണാത്ത പിള്ളേരെല്ലാം കണ്ടും കൊണ്ടോടി വായോ
അക്കരെ നിക്കണ ചക്കിപ്പെണ്ണിന്റെ
കയ്യോ കാലോ തൊട്ടു വായോ

ഹെയ്...കണ്ണാരം പൊത്തി പൊത്തി കടയ്ക്കാടം കടന്ന് കടന്ന്
കണ്ണാരം പൊത്തി പൊത്തി കടയ്ക്കാടം കടന്ന് കടന്ന്...
കണ്ണാരം പൊത്തി പൊത്തി കടയ്ക്കാടം കടന്ന് കടന്ന്...

# 26

## പരുന്തുപാട്ട്

പരുന്തിനെ സംബന്ധിച്ച പാട്ട്

തെയ്യോം തക താരോം തിത്തോം
തക താരോ തിനന്തിനന്താരോ
രാരിക്കൻരാരോ രേരിക്കൻരേരോ

അപ്പരുന്തിപ്പരുന്തേ പരുന്തേ മാനത്തെ ചെമ്പരുന്തേ
മാനത്തുടങ്ങിങ്ങുപായും പരുന്തേ മാനത്തെ ചെമ്പരുന്തേ
പരുന്തേ
ആടിവര്വാ പരുന്തേ – തെയ്യോം . . .

കൊക്കു കളി കണ്ടു നിക്കും പരുന്തേ മാനത്തെ ചെമ്പരുന്തേ
കൊക്കിനെ വന്നങ്ങു റാഞ്ചും പരുന്തേ മാനത്തെ ചെമ്പരുന്തേ
പരുന്തേ
ആടിവര്വാ പരുന്തേ – തെയ്യോം . . .

ഇങ്ങനെ ആട്, ആന, പാമ്പ്. കാള, പോത്ത്, മയിൽ, കുയിൽ, മൈന, തത്ത ഇവയെല്ലാം കൊക്കിനു പകരം പാടാം. . .വീണ്ടു നീട്ടാവുന്നതാണ്.

# 27

## മഞ്ഞപ്പാട്ട്

മഞ്ഞക്കാട്ടിൽ പോയാൽ പിന്നെ
മഞ്ഞക്കിളിയെ പിടിക്കാല്ലൊ,
മഞ്ഞക്കിളിയെ പിടിച്ചാൽ പിന്നെ
ചപ്പും ചവറും പറിക്കാല്ലൊ.
ചപ്പും ചവറും പറിച്ചാൽ പിന്നെ
ഉപ്പും മുളകും തിരുമ്മാല്ലൊ.
ഉപ്പും മുളകും തിരുമ്മിയാൽ പിന്നെ-
ചട്ടീലിട്ടു പൊരിക്കാല്ലൊ.
ചട്ടീലിട്ടു പൊരിച്ചാൽ പിന്നെ
പച്ചിലവെട്ടിപൊതിയാല്ലൊ.
പചിലവെട്ടിപ്പൊതിഞ്ഞാൽ പിന്നെ-
തണ്ടൻ പടിക്കൽ ചെല്ലാല്ലൊ.
തണ്ടൻ പടിക്കൽ ചെന്നാൽ പിന്നെ-
കള്ളിത്തിരി മോന്താല്ലൊ.
കള്ളിത്തിരി മോന്ത്യാൽ പിന്നെ
അമ്മേം പെങ്ങളേം തല്ലാല്ലൊ.
അമ്മേം പെങ്ങളേം തല്ലാല്ല്യാൽ പിന്നെ-
കോലോത്തും വതില്ക്കൽ ചെല്ലാലൊ.
കോലോത്തും വതില്ക്കൽ ചെന്നൽ പിന്നെ-
കാര്യം കൊണ്ടിത്തിരി പറയാല്ലൊ
കാര്യം കൊണ്ടിത്തിരി പറഞ്ഞാൽ പിന്നെ-
കഴുമ്മെൽ കിടന്നങ്ങാടാല്ലൊ...

# 28

## മുണ്ടകൻ കണ്ടാലറിയോടാ

മുണ്ടകൻ കണ്ടാലറിയോടാ
മുണ്ടകൻ കണ്ടാലറിയില്ല
പുഞ്ചയ്ക്ക് തേവാനറിയോടാ
പുഞ്ചയ്ക്ക് തേവാനറിയില്ല
മുണ്ടു മുറുക്കിയുടുത്തേ നിന്നെ ഇക്കണ്ട കാലം പഠിപ്പിച്ചു
എന്തു കുന്തം പഠിച്ചെന്റെ ചെക്കാ എന്തേ നിന്നെ പഠിപ്പിച്ചു

കണ്ടം കുത്താനറിയോടാ
വരമ്പ് മാടാനറിയോടാ
ആറ്റുമ്മണമ്മലെ പാട്ടറിയോ
വട്ടക്കളിയുടെ ചോടറിയോ
കുറുന്തോട്ടിത്തല കണ്ടറിയോ
കഞ്ഞിക്കുർക്ക മണത്തറിയോ
നാട്ടുമരുന്നിന്റെ പേരറിയോ
നാടൻ പാട്ടിന്റെ ചൂരറിയോ
എന്തു കുന്തം പഠിച്ചെന്റെ ചെക്കാ എന്തേ നിന്നെ പഠിപ്പിച്ചു

താതെയ്യത്തക തെയ്യാരോ തക തെയ്യത്തെയ്യത്തക തെയ്യാരോ
താതെയ്യത്തക തെയ്യാരോ തക തെയ്യത്തെയ്യത്തക തെയ്യാരോ

നേരറിയണം നെറിയറിയണം പണിയറിയണം പഠിച്ചുവന്നാൽ
നേരറിയണം നെറിയറിയണം പണിയറിയണം പഠിച്ചുവന്നാൽ
നേരറിയണം നെറിയറിയണം പണിയറിയണം പഠിച്ചുവന്നാൽ

നേരറിയണം നെറിയറിയണം പണിയറിയണം പഠിച്ചുവന്നാൽ

താതെയ്യത്തക തെയ്യാരോ തക തെയ്യത്തെയ്യത്തക തെയ്യാരോ
താതെയ്യത്തക തെയ്യാരോ തക തെയ്യത്തെയ്യത്തക തെയ്യാരോ

# 29

## വടക്കത്തി പെണ്ണാളേ

വടക്കത്തി പെണ്ണാളേ
വൈക്കം കായൽ ഓളം തല്ലുന്ന വഴിയേ കൊയ്ത്തിനു വന്നവളേ
കണ്ണുകൊണ്ട് മിണ്ടാണ്ട് മിണ്ടുമിളമങ്കേ കണിമങ്കേ കന്നി മടത്തേ
വടക്കത്തി പെണ്ണാളേ
ആളൊഴിഞ്ഞ മൈനപ്പാടനടുവരമ്പത്ത് അതിരു വരമ്പത്ത്
ആയിരം താറാകാറനിലവിളിയും എന്റെ മനസ്സിന്റെ കനക്കലു
നീ കേട്ടോ നീകേട്ടില്ലേ എന്റെ താറാപറ്റം പോലെ ചെതറുന്നേ ഞാൻ
വടക്കത്തി പെണ്ണാളേ
നിലാവുവീണ പമ്പയാറ്റിൻ ചുഴിയിളക്കത്തിൽ
ഓളമിളക്കത്തിൽ
കോളിളകാണ്ട് മാനം തെളിഞ്ഞപ്പോൾ
നിന്റെ ജനി മാത്രം തേടി വരുമെന്നെ കണ്ടോ
കണ്ടില്ലേ നീ കണ്ടോ കണ്ടില്ലേ
എന്റെ വരമ്പിലെ വെള്ളം പോലെ ചെതറുന്നേ ഞാൻ
വടക്കത്തി പെണ്ണാളേ
വൈക്കം കായൽ ഓളം തല്ലുന്ന വഴിയേ കൊയ്ത്തിനു വന്നവളേ
കണ്ണുകൊണ്ട് മിണ്ടാണ്ട് മിണ്ടുമിളമങ്കേ കണിമങ്കേ കന്നി മടത്തേ

# 30
## വിഷുപ്പാട്ട്

കൊന്നകൾ പൂത്തുപൂവിട്ടു വിഷു
വന്നെത്തി വീണ്ടുമിവിടെ
പൊന്നും പണവും ഫലങ്ങൾ പിന്നെ
ധാന്യങ്ങളൊക്കെയൊരുക്കി
നല്ലതളികയിൽ വച്ചു ശുഭ-
മെല്ലാർക്കും വന്നീടാനായി
നെയ്ത്തിരിയിട്ട വിളക്കിൻ മുന്നിൽ
മായാത്ത പുഞ്ചിരിയോലും
പൊന്നുഗുരുവായൂരപ്പൻ തന്റെ
പൊന്നണിഞ്ഞിട്ടുള്ള രൂപം
പാണികൾ കൂപ്പിയിരുന്നു കണി
കാണുവാനാകണേ കണ്ണാ
ലോകത്തിലുള്ളവർക്കെല്ലാം നന്മ
യേകണേ നീ കനിഞ്ഞെന്നും.

# 31
## വെള്ളേടത്തുകാരി വെളുത്തേടത്തുകാരി

തന്നന്ന താനന്ന തന്നാന തന താനന്ന താനന്ന തന്നാന
തന്നന്ന താനന്ന തന്നാന തന താനന്ന താനന്ന തന്നാന...

വെള്ളേടത്തുകാരി വെളുത്തേടത്തുകാരി വെള്ളരി പെറ്റതു വെള്ളക്കാരി
കാര്യക്കാരി അവൾ വീര്യക്കാരി അവൾ തേടിക്കൊണ്ടു രണ്ടു ചീര നട്ടു.
(തന്നന്ന താനന്ന തന്നാന തന)
കൊച്ചിയിൽ കുഴിച്ചിട്ടു, കൊടുങ്ങല്ലൂർ വേരോടി ഇവിടെ വളർന്നത് ചെഞ്ചീര.
ചെഞ്ചീര പറിക്കാനായി ഞാനവിടെ ചെന്നപ്പോൾ നിന്നതു നീല വഴ തനങ്ങ.
(തന്നന്ന താനന്ന തന്നാന തന)
പറിച്ചപ്പോൾ കോവക്ക അരിഞ്ഞപ്പോ പാവക്ക കൊത്തിയരിഞ്ഞപ്പോ കൊത്തച്ചക്ക
കൊത്തച്ചക്ക തിന്നാൻ ഞാൻ ചെന്നിരുന്നപ്പോൾ കോരിയൊഴിച്ചത് ചാമക്കഞ്ഞി.
(തന്നന്ന താനന്ന തന്നാന തന)
ചാമക്കഞ്ഞി കുടിച്ചാമോദം പൂണ്ടപ്പോൾ വായിൽ തടഞ്ഞത് കട്ടുറുമ്പ്
കട്ടുറുമ്പിനെ തട്ടി കൊട്ടയിലിട്ടപ്പോൾ കൂവിതെളിഞ്ഞത് പൂവങ്കോഴി.
(തന്നന്ന താനന്ന തന്നാന തന)
പൂവൻ കോഴി കൂവി കൊല്ലത്തുചെന്നപ്പോൾകൊല്ലത്തൊരച്ചിക്ക് മീശ വന്നേ
കൊല്ലത്തൊരച്ചിക്ക് മീശ വന്നേപിന്നെ കായംകുളം കാളപെറ്റെണീ

റ്റേ
(തന്നന്ന താനന്ന തന്നാന തന)
കായംകുളം കാളപെറ്റെണീറ്റേപ്പിന്നെ മുട്ടചിരട്ട രണ്ടാടുപെറ്റേ
മുട്ടചിരട്ട രണ്ടാടുപെറ്റേപ്പിന്നെ ഗോപുരം തിങ്ങി രണ്ട് ഈച്ച ചത്തേ.

തന്നന്ന താനന്ന തന്നാന തന താനന്ന താനന്ന തന്നാന
തന്നന്ന താനന്ന തന്നാന തന താനന്ന താനന്ന തന്നാന...

# 32

## ശ്രീ ഗണപതിയുടെ

ശ്രീ ഗണപതിയുടെ തിരുനാമക്കുറി തുയിലുണര്
ശ്രീ മഹാദേവനും ശ്രീപാർവ്വതിക്കും
പൊന്നായ് വളർന്നവനേ തുയിലുണര്
ആനമുഖവന്ക്ക് മുതലമൂട്ടൂണ്ക്ക് അയ്യാ തുയിലുണര്
അയ്യായ്യാ തുയിലുണര്
ശ്രീ ഗണപതിയുടെ തിരുനാമക്കുറി തുയിലുണര്
ശിവനേ ശിവനുതിരുമകനേ പിള്ള ഗണപതിയേ
ഗണപതിയേ നിന്നെ
കൈലാസത്തിൽ പെരുമാൾതിരുമുൻപിൽ അച്ഛനു കാവലായ്
അമ്മയിരുത്തി കുളിക്കാൻ പോയ്
ശ്രീ ഗണപതിയുടെ തിരുനാമക്കുറി തുയിലുണര്
തിരുമകനായ് നീ കാവലിനായ് ഇരുന്നരുളും സമയത്തിൽ
നിന്നെ പറഞ്ഞുവിട്ട ചെഞ്ചിടനടുവിൽ ഇണങ്ങിമയങ്ങിയ
മങ്കയഗംഗയെ മടിയിറക്കിലിരുത്തി
ഗണപതിയേ നിന്നച്ഛൻ മുപ്പാരിന്നച്ഛൻ ശൃംഗാരനടമാടി ഗംഗയുമായ്
അമ്മയോ നിന്നെ നമ്പി അച്ഛനതിലേറെ നമ്പി രണ്ടുപെർക്കും നല്ല പിള്ള
ഗണപതിയേ
ശ്രീ ഗണപതിയുടെ തിരുനാമക്കുറി തുയിലുണര്
കോകിളകി കൊണ്ട് കോപേന താപേന ശ്രീപാർവ്വതി വന്നു കലമ്പി നിന്നു
ഗിരിമകളുടെ പുരികക്കൊടി ചാടിയ കുർബലും ചെങ്ങിയ കണ്ണുനയും
കണ്ടുകണ്ടു മനമിടറുമാറടിപതറുമാറഴിയും ഹൃദയം വഴിയുംമട്ടിൽ

നാണത്താൽ തലതാഴ്ത്തി ശിവനും ഗംഗയും ഒഴിഞ്ഞുമാറുന്നു
ശ്രീ ഗണപതിയുടെ തിരുനാമക്കുറി തുയിലുണര്
ശ്രീ മഹാദേവനും ശ്രീപാർവ്വതിക്കും
പൊന്നായ് വളർന്നവനേ തുയിലുണര്

Please write to ⟨info@sayahna.org⟩ to file bugs/problem reports, feature requests and to get involved.
Sayahna Foundation • JWRA 34, Jagathy • Trivandrum 695014 • INDIA